ഉത്തരം

(എ) 37 പാലങ്ങൾക്കും 18 റോഡുകൾക്കും ഈ സാമ്പത്തിക വർഷം നബാർഡിന്റെ ധനസഹായം ലഭിച്ചിട്ടുണ്ട്.

37 പാലങ്ങൾക്ക് 12382.44 ലക്ഷം രൂപയും 18 റോഡുകൾക്ക് 2256.17 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

മേൽപ്പാലങ്ങളുടെ നവീകരണത്തിനായി പദ്ധതി

127 [2198] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേൽപ്പാലങ്ങളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) നവീകരിക്കുന്ന പാലങ്ങളുടെ പ്രോജക്ട് റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) പാലങ്ങളുടെ നവീകരണത്തിനാവശ്യമായ എത്ര കോടി രൂപയാണ് നബാർഡിൽ നിന്നും വായ്പയായി എടുക്കാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി ആന്റ് സി) പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല.

റോഡിന്റെ ശോച്യാവസ്ഥ കാരണമുള്ള അപകടങ്ങൾ

128 [2199] ശ്രീ. സി. കെ. നാണു:
" കെ. പി. മോഹനൻ:
" എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഹനാപകടങ്ങൾക്ക് പ്രധാന കാരണം റോഡിന്റെ ശോച്യാവസ്ഥയാണെന്നുള്ളത് കണക്കിലെടുത്ത് അത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വാഹനാപകടങ്ങൾക്ക് പ്രധാന കാരണം റോഡിന്റെ ശോച്യാവസ്ഥ മാത്രമല്ലായെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. വാഹനങ്ങൾ തലങ്ങും വിലങ്ങും ഓടുന്നതും ഡ്രൈവറുടെ ശ്രദ്ധക്കുറവുമൂലവും ട്രാഫിക് നിയമങ്ങൾ പാലിക്കാത്തതുമാണ് അപകടങ്ങൾക്ക് കാരണം. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് എൻ.എച്ച്. 47, എൻ.എച്ച്.17, മറ്റ് പ്രധാന നിരത്തുകൾ എന്നിവയിലുള്ള അപകട സാദ്ധ്യത കൂടിയ മേഖലകൾ അപകട പ്രതിരോധ നടപടികൾ നടത്തി നവീകരിക്കുവാൻ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിക്കുകയും അതിനനുസരിച്ച് തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ മുൻനിർത്തിയുള്ള പണികളും ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. ആവശ്യാനുസരണം സൈൻ ബോർഡുകൾ സ്ഥാപിക്കുക, റോഡു മാർക്കിംഗുകൾ നടത്തുക, മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുക, വളവ് നിവർക്കുക തുടങ്ങിയുള്ള പണികളാണ് പ്രധാനമായും ചെയ്തുവരുന്നത്.

സർക്കാർ ആവശ്യത്തിന് വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾക്ക് സ്പെഷ്യൽ റെന്റ് സംവിധാനം

129 [2200] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവശ്യത്തിന് വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങൾക്ക് മരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിശ്ചയിക്കുന്ന വാടക കുറവായതിനാൽ കെട്ടിട ഉടമകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. ഡബ്ല്യു. ഡി. നിശ്ചയിക്കുന്ന വാടക കുറഞ്ഞുപോയാൽ സ്പെഷ്യൽ റെന്റ് നിശ്ചയിക്കുന്ന സംവിധാനം നിലവിലുണ്ടോ;

(സി) എങ്കിൽ സ്പെഷ്യൽ റെന്റ് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) 2001 ജനുവരി മുതൽ സ്പെഷ്യൽ റെന്റ് സംബന്ധമായ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്;

(ഇ) തീർപ്പാക്കിയവയിൽ പി. ഡബ്ല്യു. ഡി. നിശ്ചയിച്ചതിനേക്കാൾ എത്ര ശതമാനം വരെ വർദ്ധനവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly